# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3829 19.03.2018-ൽ മറുപടിക്ക്

## സർവശിക്ഷാ അഭിയാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സർവശിക്ഷാ അഭിയാൻ (എസ്.എസ്.എ) മുഖേന വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാനും അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുവാനും പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>സി) ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ? | എ) യും ബി) യു സി) യും<br>2 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ, സൗജന്യ യൂണിഫോം, ടീച്ചർ ഗ്രാന്റ് , സ്കൂൾ ഗ്രാന്റുകൾ, മെയിന്റനൻസ് ഗ്രാന്റ് , യു.പി. തലത്തിലെ കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിനായി ഓരോ ജില്ലയ്ക്കും സാമ്പത്തിക സഹായം ശാസ്ത്ര-ഗണിത ശാസ്ത്ര-സാങ്കേതിക വിദ്യകൾ പരമാവധി പ്രയോഗിക്കുന്നതിന് രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ (ആർ.എ.എ) പദ്ധതി മുഖേനയുള്ള സഹായം, ജൈവവൈവിധ്യ ഉദ്യാന നിർ മാണം, തെരഞ്ഞെടുത്ത സ്കൂളുകളിൽ ശാസ്ത്രോത്സവം, ഗണിതോത്സവം, ബാലോത്സവം, ജില്ലാതലത്തിൽ ശാസ്ത്ര പഠനയാത്രകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ബി.ആർ.സി. തലത്തിൽ സാധ്യായ ദിനങ്ങളിലൊഴികെയുള്ള ദിനങ്ങളിൽ അധ്യാപക പഠനകൂട്ടായ്മകൾ വിദ്യാലയ കൂട്ടുചേരൽ പരിപാടി , ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തിന്നതിനും ശാരീരിക പരമിതികൾ മറികടക്കുന്നതിനും അനുയോജ്യമായ പഠനോപകരണങ്ങൾ റിസോഴ്സ് അദ്ധ്യാപകരുടെ സേവനം , തെറാപ്പിസ്റ്റുകളുടെ തുടർച്ചയായ സേവനം എന്നിവ ലഭ്യമാക്കുന്നു. പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായ കുട്ടികൾ കൂടുതലുള്ള വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ ആരംഭിച്ചു.<br>2017-18 വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളിലും ഒന്നാം ക്ലാസിലെ എല്ലാ ഡിവിഷനിലും ക്ലാസ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. 'മലയാളത്തിളക്കം,' 'ഹലോ ഇംഗ്ലീഷ്,' 'ഗണിത വിജയം' തുടങ്ങിയ പഠന പോഷണ പരിപാടികൾ (എൽ.ഇ.പി) - പെൺകുട്ടിക |

ളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായും എസ്.സി/എസ്.ടി വിദ്യാഭ്യാസ ഉന്നമനത്തിനായും ധനസഹായം, ഊരുവിദ്യാഭ്യാസകേന്ദ്രങ്ങളിൽ എഡ്യൂക്കേഷണൽ വോളന്റിയർ മാരുടെ നിയമനം എന്നിവ നടത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളിൽ മേജർ റിപ്പയറിങ് നടത്തുന്നതിനും ടോയ്‌ലറ്റ്, അഡാപ്റ്റഡ് ടോയ്‌ലറ്റ്, യൂറിനലുകൾ എന്നിവ നിർമിക്കുന്നതിനുമായി സിവിൽ വർക്കിന് തുക നൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ